# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 2442 18.02.2016-ൽ മറുപടിക്ക്

### തിരുവനന്തപുരം-പേട്ട മൂന്നാംമനയ്ക്കൽ-പുള്ളിലൈൻ ഡ്രെയിനേജ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എ. കെ. ശശീന്ദ്രൻ : | | ശ്രീ. പി.ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ. | തിരുവനന്തപുരം-പേട്ട മൂന്നാംമനയ്ക്കൽ നിന്നും പുള്ളിലൈൻ വരെയുള്ള ഡ്രെയിനേജ് സംവിധാനം നടപ്പിൽ വരുത്തുന്നതിനായി ചാക്ക മുതൽ കൽപ്പക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ പൂർത്തീകരിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുവാദം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തി അനുവാദം നേടിയെടുക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ; | എ. | ചാക്ക മുതൽ കൽപ്പക നഗർ പമ്പ് ഹൗസ് വരെയുള്ള ട്രങ്ക് മെയിൻ ലൈൻ സ്ഥാപിക്കുന്നതിനായി നാഷണൽ ഹൈവേ അതോറിറ്റിയിൽ നിന്ന് അനുമതി ലഭിച്ചതനുസരിച്ച് ട്രങ്ക് മെയിൻ 550 മീറ്റർ സ്ഥാപിച്ചെങ്കിലും, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ നിർ ദ്ദേശ പ്രകാരം പണി നിർത്തി വച്ചു. തുടർന്നുള്ള പണിയ്ക്ക് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുമതി ലഭിച്ചിട്ടില്ല. ഈ പൈപ്പുകൾ നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ തന്നെ മാറ്റി സ്ഥാപിക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഇത് കഴിഞ്ഞാലേ തുടർന്നുള്ള പണികൾ ചെയ്യുവാൻ സാധിക്കുകയുള്ളൂ. ഇനി ഇടാനുള്ള 317 മീറ്ററിന് വേണ്ടി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയുടെ എൻ.ഒ.സി ലഭ്യമാക്കുവാൻ MORTH Format-ൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. |
| ബി | 1985-ൽ സ്ഥാപിച്ച ഡ്രെയിനേജ് ലൈൻ ഉപയോഗയോഗ്യമാക്കുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിച്ചു; | ബി. | പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയ കൺസൾട്ടന്റ്, 1985 കാലഘട്ടത്തിൽ സ്ഥാപിച്ച പ്രസ്തുത ലൈൻ ഉപയോഗ യോഗ്യമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. അതിൻ പ്രകാരം തുടർ നടപടി എന്ന |

| | | | |
|---|---|---|---|
| | | | നിലയിൽ സി ബ്ലോക്കിന്റെ പദ്ധതിയിൽ ടി ലൈനുകളെ പമ്പ് ഹൗസുമായി ബന്ധിപ്പിക്കുന്ന ജോലി നടന്നു വരുന്നു. |
| സി | പ്രസ്തുത പ്രദേശത്തിന് സമീപമുള്ള 350 മീറ്റർ ദൂരത്തിൽ പൈപ്പ് ലൈൻ നിലവില്ലാത്തതിനാൽ പ്രസ്തുത ദൂരം സ്വീവറേജ് ലൈൻ സ്ഥാപിക്കുവാൻ നിലവിലുള്ള ലൈനുമായി ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ടോ; എങ്കിൽ ഈ പ്രദേശത്ത് എന്ന് സ്വീവറേജ് ലൈൻ സ്ഥാപിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | സി | ഫീസിബിലിറ്റി സർവ്വേ നടത്തിയിട്ടുണ്ട്. പ്രോജക്ട് ഡയറക്ടർ, കെ.എസ്.യു.ഡി.പി യുടെ അനുമതി ലഭിക്കുവാനായി, പ്രസ്തുത ദൂരം കൂടി സ്വീവറേജ് നെറ്റ് വർക്കിൽ ഉൾപ്പെടുത്തിയിട്ടുള്ള നെറ്റ് വർക്ക് ഡ്രോയിംഗ് സമർപ്പിക്കുവാൻ നിലവിലെ കരാറുകാരന് കേരള വാട്ടർ അതോറിറ്റി നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ